**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

CBCSS 2013-ബിരുദ പരീക്ഷക്ക് കരസ്ഥമാക്കാക്കിയ ക്യുമുലേറ്റീവ് ക്രെഡിറ്റ് പോയിൻറ് ആവറേജ് (CCPA)അടിസ്ഥാനപ്പെടുത്തി ശതമാനം കണക്കാക്കുന്നത് സംബന്ധിച്ച് -ബോർഡ് ഓഫ് സ്റ്റഡീസ് ചെയർപേഴ്സൻറെ ശിപാർശ -അക്കാഡമിക് കൗൺസിൽ അംഗീകരിച്ചു- ഭേദഗതി ചെയ്ത ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 1185/AC A 9/2019/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 25.03.2019

---

പരാമർശം:-1. 29.09.2018നു കൂടിയ അക്കാഡമിക് കൗൺസിൽ യോഗത്തിൻറെ മിനിട്സ്

2. 08.11.2018നു കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നം 01/18.09/182236

3. 16.01.2019തീയതിയിലെ ഉത്തരവ് നം 146/2019/MGU-ADMINISTRATION

**<u>ഉത്തരവ്</u>**

2013-2016 കാലയളവിൽ CBCSS ബി കോം ഫിനാൻസ് ആൻഡ് ടാക്സേഷൻ വിദ്യാർത്ഥിയായിരുന്ന ശ്രീ ബിൻറൺ സോയ് ,3500 ൽ 1719 മാർക്കും 'D' ഗ്രേഡിൽ CCPA 5.59 ഉം കരസ്ഥമാക്കി വിജയിച്ചിരുന്നു. ക്രെഡിറ്റ് സമ്പ്രദായത്തിൽ 50% മുതൽ 59% വരെയുള്ള മാർക്ക് സ്ലാബിൽ വരുന്ന മാർക്ക് ലഭിച്ചതിനെ തുടർന്ന് ഈ വിദ്യാർത്ഥി ഉപരിപഠനത്തിനു വേണ്ടി 50% മാർക്ക് ബിരുദത്തിനു ലഭിച്ചിട്ടുണ്ട് എന്ന സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ 3500ൽ 1719 എന്ന മാർക്കിന്റെ ശതമാനം കണക്കാക്കുമ്പോൾ 49.1% മാത്രമേ ലഭിച്ചിട്ടുള്ളൂ എന്ന സാഹചര്യത്തിൽ, വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം കോമേഴ്സ് ഫാക്കൽറ്റി ഡീനിന്റെ അഭിപ്രായം തേടുകയും തുടർന്ന് കോമേഴ്സ് ഫാക്കൽറ്റി ഡീനിന്റെ അഭിപ്രായപ്രകാരം ഈ വിഷയത്തിൽ യു ജി കോമേഴ്സ് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർപേഴ്സന്റെ ശിപാർശകൾ തേടുകയും ചെയ്തിരുന്നു .യു ജി കോമേഴ്സ് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർപേഴ്സന്റെ ശിപാർശകൾ 07.08.2018 ന് അക്കാഡമിക് കൗണ്സിലിന്റെ പരിഗണനയ്ക്കു സമർപ്പിച്ചിരുന്നു. പരാമർശം (1) പ്രകാരം അക്കാഡമിക് കൗൺസിൽയോഗം താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടു .

ശ്രീ ബിൻറൺ സോയ്ക്കു ലഭിച്ച 5.59 ക്യുമുലേറ്റീവ് ക്രെഡിറ്റ് പോയിന്റ് ആവറേജ് (CCPA) 2013 സി ബി സി എസ് എസ് റഗുലേഷൻ പ്രകാരം 50% മുതൽ 59% വരെയുള്ള മാർക്ക് സ്ലാബിൽ വരുന്നതിനാൽ ബിൻറൺ സോയ്ക്കു ലഭിച്ച ശതമാനം 55.9 ആയി നിജപ്പെടുത്താനും ,മാർക്കിന്റെ ശതമാനം CCPA അടിസ്ഥാനമാക്കിയുള്ള 55.9%ആയി നിജപ്പെടുത്താനും തീരുമാനിച്ചു .പരാമർശം (2) പ്രകാരം മേൽ തീരുമാനം 08.11.2018നു കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ സമർപ്പിച്ചിരുന്നു .

പരാമർശം (3)പ്രകാരം 16.01.2019 തീയതിയിലെ ഉത്തരവ് നം 146/2019/MGU-ADMINISTRATION ഭേദഗതി ചെയ്തിരിക്കുന്നു. തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

Draft #3 of File 1965/AC A9/3/2018/AC A 9 Approved by ASSISTANT REGISTRAR III ACADEMIC on 22-Mar-2019 02:47 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ദിലീപ് കുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1)ശ്രീ ബിൻറൺ സോയ്

2)യു ജി കോമേഴ്സ് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർപേഴ്സൺ

3)വി സി / പി വി സി എന്നിവരുടെ പി എസ്

4)രജിസ്ട്രാർ, പരീക്ഷാകൺട്രോളർ എന്നിവരുടെ പി എ

5)ജെ ആർ II/ഡി ആർII / എ ആർ III(അക്കാദമിക് )

6)ജെ ആർI /ഡി ആർ IV /എ ആർ XIVXV/XIX(CBCSSപരീക്ഷാവിഭാഗം )

7)ഇ ബി XIസെക്ഷൻ /ഇ ബി XIIസെക്ഷൻ /എ സി സി സെക്ഷൻ 8)കണ്ടെന്റ് മാനേജ്മെൻറ് (വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്താൻ )

9)ഐ ക്യൂ എ സി /സിസ്റ്റം മാനേജർ /CETEX

10)സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

Draft #3 of File 1965/AC A9/3/2018/AC A 9 Approved by ASSISTANT REGISTRAR III ACADEMIC on 22-Mar-2019 02:47 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം